**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2018** **03-03-2025-ൽ മറുപടിയ്ക്ക്**

## എറണാകുളം നിയോജക മണ്ഡലത്തിലെ കായലുകളിലെയും തോടുകളിലെയും ചെളി നീക്കം ചെയ്യുന്ന നടപടി

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. ജെ. വിനോദ് ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** എറണാകുളം നഗരത്തിനു അനുബന്ധമായുള്ള തേവര പേരണ്ടൂർ കനാൽ, മുല്ലശ്ശേരി കനാൽ, മാർക്കറ്റ് കനാൽ, ഇടപ്പള്ളി തോട് എന്നിവയുടെ കൈത്തോടുകളിൽ ചെളിനീക്കം ചെയ്യാത്തത് മൂലം പ്രസ്തുത മണ്ഡലത്തിലെ തോടുകളും അനുബന്ധമായുള്ള മാലിന്യ ചാലുകളും വേലിയേറ്റത്തെ തുടർന്ന് നിറഞ്ഞു കവിഞ്ഞ് റോഡുകളിൽ പോലും വെള്ളം കെട്ടി നിൽക്കുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** ഉണ്ട്.

ഓപ്പറേഷൻ വാഹിനി 2024- 25 പദ്ധതി പ്രകാരം ഇടപ്പള്ളി തോടിന്റെ വിവിധ ഭാഗങ്ങളിൽ മാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് മെച്ചപ്പെടുത്തുന്നതിനുള്ള 4 പ്രവൃത്തികൾ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്.

പേരണ്ടൂർ കനാലിന്റെ കായലുമായി ചേരുന്ന ഭാഗത്ത് പോള പായലും മറ്റു മാലിന്യങ്ങളും നീക്കം ചെയ്ത് നീരൊഴുക്ക് മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തിയും മാർക്കറ്റ് കനാൽ, മുല്ലശ്ശേരി കനാൽ, വടുതല കനാൽ എന്നിവയുടെ കായലുമായി ചേരുന്ന ഭാഗങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവൃത്തിയും ഓപ്പറേഷൻ വാഹിനി 2025- 26 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കാര്യവും പരിശോധിക്കാവുന്നതാണ്.

ഇടപ്പള്ളി തോടിന്റെ കൈത്തോടുകൾ ചേരുന്ന ഭാഗങ്ങൾ ഉൾപ്പടെ വിവിധ റീച്ചുകളിലായി ഒഴുക്ക് സുഗമമാക്കുന്നതിനായുള്ള പ്രവൃത്തികളുടെ ലിസ്റ്റ് തയ്യാറാക്കി ഓപ്പറേഷൻ വാഹിനി 2025- 26 പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യവും പരിശോധിക്കാവുന്നതാണ്.

**(ബി)** നഗരത്തിലെ പുഴകളിലെയും കൈത്തോടുകളിലെയും പ്രത്യേകിച്ച് മേല്പറഞ്ഞ തോടുകളിലും എന്നാണ് അവസാനമായി ഡ്രഡ്ജിംഗ് നടത്തി ചെളി നീക്കം ചെയ്തതെന്നും ഏത് ഏജൻസി മുഖേനയാണ് ചെയ്തതെന്നും അറിയിക്കുമോ;

**മറുപടി: ഓപ്പറേഷൻ വാഹിനി 2024-25 പദ്ധതി പ്രകാരം ഇറിഗേഷൻ വകുപ്പ് മുഖേന ഇടപ്പള്ളി തോടിന്റെ വിവിധ ഭാഗങ്ങളിൽ സ്വാഭാവിക ഒഴുക്കിന് തടസ്സമുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് മെച്ചപ്പെടുത്തുന്നതിന് പ്രവൃത്തികൾ ജൂലൈ 2024ൽ നടപ്പാക്കിയിട്ടുണ്ട്. തേവര-പേരണ്ടൂർ കനാലിലെ മുൻ വർഷത്തെ ഡീസിൽറ്റിംഗ് പ്രവൃത്തികൾ കോർപ്പറേഷൻ മുഖേനയാണ് ചെയ്തത്.**

**എന്നാൽ മുല്ലശ്ശേരി കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഓപ്പറേഷൻ ബ്രേക്ക് ത്രൂ (OBT) യിൽ ഉൾപ്പെടുത്തി പുരോഗമിച്ചുവരുന്നു.**

**KMRL മുഖേന നടപ്പിലാക്കുന്ന IURWTS പദ്ധതിയുടെ ഭാഗമായി മാർക്കറ്റ് കനാലിലെ ഡ്രഡ്ജിംഗ് ജോലികൾ 2022 ജൂൺ മാസം പൂർത്തീകരിച്ചിരുന്നു.**

**(സി)** ഇപ്രകാരം നീക്കം ചെയ്ത ചെളിയുടെ അളവ് എത്രയെന്നും ആയത് സംബന്ധിച്ച കണക്കുകൾ ലഭ്യമാണോയെന്നും ഈ ചെളി എന്ത് ചെയ്തുവെന്നും അറിയിക്കുമോ;

**<u>മറുപടി:</u>** ഇടപ്പള്ളി തോടിൽ നിന്നും നീക്കം ചെയ്തിട്ടുള്ള പോളയും ചെളിയും തോടിന്റെ വശങ്ങളിൽ നിക്ഷേപിച്ച് ബണ്ട് ബലപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ആയതിന്റെ അളവ് 13700 $m^3$ ആയാണ് കണക്കാക്കിയിട്ടുള്ളത്.

**IURWTS പദ്ധതിയുടെ ഭാഗമായുള്ള** മാർക്കറ്റ് കനാലിലെ ഡ്രഡ്ജിംഗിൽ 3984 ക്യു. മീറ്റർ ചെളി നീക്കം ചെയ്ത് കൊച്ചിൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ബ്രഹ്മപുരം സൈറ്റിൽ നിർമ്മാർജ്ജനം ചെയ്തു.

**(ഡി)** കായലുകളിൽ അവസാനമായി ഡ്രഡ്ജിംഗ് നടത്തിയത് എന്നാണെന്നും ഏത് ഏജൻസി മുഖേനയാണെന്നും നീക്കം ചെയ്ത ചെളിയുടെ അളവ് എത്രയാണെന്നും ആയത് സംബന്ധിച്ച കണക്ക് ലഭ്യമാണോയെന്നും ഈ ചെളി എന്ത് ചെയ്തുവെന്നും അറിയിക്കുമോ;

**<u>മറുപടി:</u>** 2021-22 സാമ്പത്തിക വർഷം ജലസേചന വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 120 ലക്ഷം രൂപ വിനിയോഗിച്ച് വേമ്പനാട് കായലിന്റെ കണ്ണങ്ങാട് വില്ലിംഗ്ടൺ ഐലന്റ് മുതൽ ഇടക്കൊച്ചി അരൂർ ബ്രിഡ്ജ് വരെയുള്ള ആഴം കൂട്ടൽ (റീച്ച്-1) പ്രവൃത്തി 2023 ഏപ്രിൽ മാസത്തിൽ പൂർത്തീകരിച്ചു. ഈ പ്രവൃത്തിയിൽ 42637.611 $m^3$ എക്കലും ചെളിയും നീക്കം ചെയ്തിട്ടുണ്ട്. നീക്കം ചെയ്ത എക്കലും ചെളിയും കേരള ക്രിക്കറ്റ് അസോസിയേഷന്റെ ഗ്രൗണ്ടിൽ നിക്ഷേപിച്ചു.

**(ഇ)** തേവര, ചേരാനല്ലൂർ, വടുതല പ്രദേശങ്ങളിൽ പുഴയും കായലുമായി ചേരുന്ന അഴിമുഖങ്ങളിൽ ഡ്രഡ്ജിങ്ങ് ചെയ്ത് ചെളിനീക്കം നടത്തിയാൽ നഗരത്തിലെയും അനുബന്ധ പ്രദേശങ്ങളിലെയും വേലിയേറ്റ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുമെന്ന സാഹചര്യത്തിൽ ഇതിനായി എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** തേവര-പേരണ്ടൂർ കനാൽ, മാർക്കറ്റ് കനാൽ, മുല്ലശ്ശേരി കനാൽ, വടുതല കനാൽ എന്നിവയുടെ കായലുമായി ചേരുന്ന ഭാഗങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ ഓപ്പറേഷൻ വാഹിനി 2025-26 – ൽ ഉൾപ്പെടുത്തുന്നതിനായി ഇറിഗേഷൻ വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഇടപ്പള്ളി തോടിന്റെ കൈത്തോടുകൾ ചേരുന്ന ഭാഗങ്ങൾ ഉൾപ്പെടെ വിവിധ റീച്ചുകളിലായി ഒഴുക്ക് സുഗമമാക്കുന്നതിനായുള്ള പ്രവൃത്തികളുടെ ലിസ്റ്റ് തയ്യാറാക്കി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിയും പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**